## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4560. 22.07.2015 ൽ മറുപടിയ്ക്ക്

**കെ.എസ്.ആർ.ടി.സി ബസുകളിൽ യാത്രാസൗജന്യം**

| ചോദ്യം<br>ശ്രീ. വി.എം.ഉമ്മർ മാസ്റ്റർ | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സ്കൂളുകളിൽ ഒന്നു മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് കെ.എസ്.ആർ. ടി.സി. ബസ്സുകളിൽ യാത്രാ സൗജന്യം അനുവദിച്ച 31.01.2015-ലെ ഉത്തരവ് തിരുത്താനിടയാക്കിയ സാഹചര്യം വിശദമാക്കുമോ ; എന്തൊക്കെ പിശകാണ് പ്രസ്തുത ഉത്തരവിലുണ്ടായി രുന്നത് ; തിരുത്തിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (എ) | 31.01.2015-ൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് പ്രകാരം കെ.എസ്.ആർ.ടി.സി ബസ്സിൽ സൗജന്യനിരക്കിൽ യാത്ര ചെയ്യുന്ന പ്ലസ് ടു തലം വരെയുള്ള വിദ്യാർത്ഥികൾക്ക് 01/02/2015 മുതൽ പൂർണ്ണമായും സൗജന്യയാത്ര അനുവദിച്ചു കൊണ്ട് സർക്കാർ ഉത്തരവു പുറപ്പെടുവിച്ചിരുന്നു. അടുത്ത അദ്ധ്യയന വർഷാരംഭത്തിൽ അതായത് 2015-16 ൽ പുതുതായി പ്ലസ് ടു തലം വരെ അഡ്മിഷൻ നേടിയവർക്ക് 31/01/2015 ലെ ഉത്തരവ് പ്രകാരം കൺസഷൻ അനുവദിക്കാൻ കഴിയുകയില്ലെന്നും കൂടാതെ കെ.എസ്. ആർ.ടി.സി. ബസ്സുകളിൽ ഇത്തരം വിദ്യാർത്ഥികൾക്ക് പൂർണ്ണ സൗജന്യ യാത്ര അനുവദിച്ചിരിക്കുന്നത് പ്രതിദിന വരുമാനത്തെ ബാധിച്ചിട്ടുണ്ടെന്നും അതിനാൽ ഇക്കാര്യത്തിൽ പുതുക്കിയ ഉത്തരവുണ്ടാകണമെന്നും കെ.എസ്.ആർ. ടി.സി.യുടെ സി.എം.ഡി. ആവശ്യപ്പെട്ടിരുന്നു. കെ.എസ്.ആർ. ടി.സി.യുടെ സാമ്പത്തിക ബുദ്ധിമുട്ടിന്റെ പശ്ചാത്തലത്തിൽ പൂർണ്ണമായും സൗജന്യയാത്ര എന്ന ആനുകൂല്യം അനുവദിക്കുന്നതിന് ചില നിയന്ത്രണ ങ്ങൾ ആവശ്യമാണെന്ന് കണ്ടതിനെ തുടർന്ന് ഇതു സംബന്ധിച്ച് പഠിച്ച് ശുപാർശകൾ സമർപ്പിക്കുന്നതിന് ഗതാഗത സെക്രട്ടറി, ട്രാൻസ്പോർട്ട് കമ്മീഷണർ, കെ.എസ്.ആർ.ടി.സി.യുടെ സി.എം.ഡി. എന്നിവരുടെ ഒരു |

| | | | |
|---|---|---|---|
| | | | കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും കഴിഞ്ഞ വർഷം സൗജന്യയാത്ര അനുവദിച്ചതുപോലെ പ്ലസ് ടു തലം വരെയുള്ള വിദ്യാർത്ഥികൾക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സൗജന്യ യാത്ര അനുവദിക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ട് 09/06/2015 ൽ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. എന്നാൽ ഈ ഉത്തരവിൽ അക്കാര്യം വ്യക്തമാകാതെ വരികയുണ്ടായി. അത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ടി ഉത്തരവിൽ ഭേദഗതി വരുത്തി കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സൗജന്യ നിരക്കിൽ യാത്ര ചെയ്യുന്ന പ്ലസ് ടു തലം വരെയുള്ള മുഴുവൻ വിദ്യാർത്ഥികൾക്കും പൂർണ്ണമായും സൗജന്യ യാത്ര അനുവദിച്ചുകൊണ്ട് 10/06/2015 ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ഈ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | ഈ ഉത്തരവു പ്രകാരം 12-ാം ക്ലാസ്സ് വരെയുള്ള എല്ലാ കുട്ടികൾക്കും യാത്രാസൗജന്യം ലഭ്യമാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ബി) | ഇപ്പോൾ പ്ലസ് ടു തലം വരെയുള്ള മുഴുവൻ വിദ്യാർത്ഥികൾക്കും കെ.എസ്.ആർ.ടി.സി. സൗജന്യ യാത്ര അനുവദിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.

**കേരള സർക്കാർ**

സംഗ്രഹം

ഗതാഗത വകുപ്പ് .- കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ പ്ലസ് ടു തലം വരെയുള്ള വിദ്യാർത്ഥികൾക്ക് സൗജന്യയാത്രാ സൗകര്യം - വ്യക്തത വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഗതാഗത (ബി) വകുപ്പ്**

സ.ഉ.(ആർ.ടി)നം.256/15/ഗതാ. തീയതി, തിരുവനന്തപുരം,10/06/2015.

---

പരാമർശം :- 1. 31/01/2015 ലെ സ.ഉ. (എം.എസ്.) 04/2015/ഗതാ. നമ്പർ ഉത്തരവ്.
2. 09/06/2015 ലെ സ.ഉ. (കൈയ്യെഴുത്ത്) നം. 38/2015/ഗതാ.

**ഉത്തരവ്**

കെ.എസ്.ആർ.ടി.സി. ബസ്സിൽ സൗജന്യ നിരക്കിൽ യാത്ര ചെയ്യുന്ന പ്ലസ് ടു തലം വരെയുള്ള വിദ്യാർത്ഥികൾക്ക്, 10/- രൂപ ഈടാക്കിക്കൊണ്ട് വേണ്ടത്ര വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് തയ്യാറാക്കുന്ന ഒരു കാർഡ് അനുവദിച്ച് നൽകി പൂർണ്ണമായും സൗജന്യയാത്ര അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം രണ്ടിലെ സർക്കാർ ഉത്തരവ് ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം ;
ഡോ. വി.എം. ഗോപാല മേനോൻ
ഗവൺമെന്റ് സെക്രട്ടറി

പകർപ്പ് :- ഗതാഗത കമ്മീഷണർ , തിരുവനന്തപുരം.
ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി., തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.